10 or 12 years. I think it was a matter raised as early as 1083, and since, the Government are fully aware of the absolute necessity of a thodu like this in order to protect the agriculturists of these two villages. I believe that the Government would at least take up this matter very seriously and do all that is possible in the near future.

*Mr. V. K. Aravindaksha Menon *(Chief Engineer):* As the hon'ble member has stated the question was before the Government for the last 30 years or more and I have completely investigated, and the scheme is now before the Government. We are considering the possibility of executing the work as early as possible. But in this cut motion it makes mention of two canals, i. e., one from the catchment of the Chithrapuzha to the Kaniyavalli River and the other from Kaniyavalli to the backwaters. The present trouble is of the floods in the Kaniyavallippadam. If more floods are taken into this area from Chithrapuzha the present condition, I believe, will grow worse. So I would not recommend the construction of a canal from Mamala to Kaniyavalli. I have also written to the Government on this aspect and the question is before the Government and we will be taking up this work as soon as funds permit. The cost will come to about a lakh and fifty thousand rupees.

Mr. V. N. Damodaran Nambiar *(Trippunittura):* May I know whether the Government has already decided upon the alignment?

Mr. V. K. Aravindaksha Menon *(Chief Engineer):* It is the one passing near the Trippunittura market and that question has not been shelved. It is being considered by the Government.

Mr. V. J. Mathai *(Planters):* I have only one submission to the Government. The people of the locality agree that a canal from Mamala to Kaniyavalli will be more useful. That is their idea.

Mr. V. K. Aravindaksha Menon *(Chief Engineer):* There is more of Travancore lands in Mamala area.

Mr. V. J. Mathai *(Planters):* There are Cochin lands also. Anyway I want to bring it to the notice of the Government that the people of the locality think that a canal from [illegible] will not affect [illegible] if there is a canal from there also. They pray that a thodu may be cut from Mamala right to Kaniyavalli and from there to the west.

The motion was, by leave, withdrawn.

Cut Motion No. 23.

To improve the amenities of travelling to Mattancheri from Ernakulam by boat.

Mr. V. J. Mathai *(Planters):* I beg to move *to reduce the allotment of Rs. 73,500 for Irrigation by Re. 1. (to discuss the*

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

necessity for improving the amenities of travelling to Mattancheri from Ernakulam by boat). I am sure everyone in this House who has anything to do with Mattancheri will agree with me that the present conditions are far from desirable. I myself had occasions to lie within sight of the promised land, 20 yards away, stranded. If people are hungry they have to go hungry, because we cannot get refreshments in the boat. It has been the sorry plight of very many, who have got very urgent business to attend to, to be stranded a few yards beyond the jetty. I understand that the chief difficulty lies in the fact that the jetty is situated in a place where more silt accumulates than in other places. Whatever it might be, the view of the common people is this. Here we have spent a crore of rupees for getting ships to come into the Harbour. We cannot spend Rs. 10,000 to see our boats getting near the jetty.

The second thing is the necessity for improving the jetties also. On the Mattancheri side there is no waiting shed. I am very glad to note that the P. W. D. has taken up the construction of the jetty in Mattancheri. Then, the passengers are pestered by beggars and rikshaw-wallas. There are hundreds of other improvements to be effected. I find tourists who go there are pestered by rikshaw-wallas. Cochin, without any further artificial beauty, will attract tourists. Everywhere efforts are made to attract tourists. Sir C. P. Ramaswami Ayyar, the Diwan of Travancore, stated in the Assembly the other day that every effort is made to attract as many tourists as possible. There is absolutely no control in the jetty. Hundreds of people crowd around you. (A voice: who will bear the expenses of the tourists?) The American Millionaires who come here do not want us to provide for them. They will provide for themselves in first class hotels. The principal question is the convenience of these passengers who have to cross over to Cochin and back. Very many people who have got business in Mattancheri live in Ernakulam. Even our friend Mr. Sait lives in Ernakulam at least in some parts of the year. They are keen businessmen to whom time is precious.

The boats also must be improved. I find that the contractor is not given any inducement to improve the boats, because his fate is hanging in the balance. I would press upon the Government the necessity of having a well-thought out plan for improving the amenities of those who travel to Cochin and back. I therefore, press with the greatest force at my command that this question may be taken up immediately and that the grievances of the passengers may be ameliorated as far as possible.

Mr. K. Ayyappan *(Ezhuvas-Kanayannur):* Is the ferry service going to be retained after the completion of the Harbour Works?

Mr. V. K. Aravindaksha Menon *(Chief Engineer):* Yes.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Iyyu *(Kunnamkulam)*: There is no arrangement at present to go to Willingdon Island from Ernakulam. This morning I understood that the boats which once used to stop at the Customs House have been stopped. There are 2 or 3 Government jetties on the Cochin side in Mattancheri very near the boarder where the boats from Ernakulam may be asked to halt for those who live in Ernakulam to cross over to Cochin.

മിസ്റ്റർ പോപ്പട്ടലാൽ ശോവൽനലാലൻ: മിസ്റ്റർ പ്രഡിഡൻറ്, സർ, ഇതു കട്ട്മോഷനെ ഞാൻ പിൻതാങ്ങുന്നു. മട്ടാഞ്ചേരിയെസംബന്ധിക്കുന്ന ഒരു വിഷയമായതുകൊണ്ടു് ഞാൻ ഇതിനെ പിൻതാങ്ങുന്നതായി ആദ്യം വിചാരിക്കരുതു്. ഫെറിബോട്ടിൽ യാത്രക്കാക്ക് കയറുവാനും, കരക്കിറങ്ങുവാനും, ധാരാളം കഷ്ടപ്പാടനുഭവിക്കേണ്ടി വരുന്നുണ്ടെന്നുള്ളതു് എനിക്കു നേരിട്ടറിയാം. പ്രത്യേകിച്ചും മഴക്കാലമായതുകൊണ്ടു് ബോട്ടുകൾ കടവിൽ അടുപ്പിക്കുവാൻ സാധിക്കാതേയും, വെള്ളമില്ലാത്ത കാരണംകൊണ്ടും മറ്റും പല ബുദ്ധിമുട്ടുകളും യാത്രക്കാക്കുണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഇതുകൂടാതെതന്നെ കാറിൻറേയും മഴയുടേയും ശല്യം നിമിത്തവും വളരെ കഷ്ടപ്പെടേണ്ടി വരുന്നുണ്ടു്. പുഴയിൽ ഇപ്പോൾ ഒരു വലിയ ഡ്രഡ്ജർ ഇട്ടിരിക്കുന്നതു് ഇതുവക ആവശ്യങ്ങൾക്കു ഉപയോഗിക്കാനല്ലാതെ മറെറന്താവശ്യത്തിനാണു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. അതുപയോഗിച്ചു് മണ്ണു് എടുക്കുവാൻ ഗവൺമെൻറു് ഒരുമ്പെടാത്തതുകൊണ്ടല്ലേ അന്യരാജ്യക്കാർ നമ്മുടെ രാജ്യത്തു് ഇങ്ങിനെയുള്ള ഭാഗങ്ങൾ കയ്യാക്കിത്തീർത്തു് നമ്മുടെ രാജ്യത്തുള്ള ഐശ്വര്യങ്ങളെ മുഴുവൻ വലിച്ചുകൊണ്ടുപോകുവാൻ വന്നിരിക്കുന്നതു്. ഫെറി ബോട്ടുകളിൽ സഞ്ചരിക്കുന്ന യാത്രക്കാക്കു് അക്കരയിലും ഇക്കരയിലും ഇറങ്ങുവാനും കയറുവാനും സാധിക്കാതെ ബുദ്ധിമുട്ടേണ്ടിവരുന്നതിനു കാരണം ഇന്നതാണെന്നുള്ള വാസ്തവം പുറമെയുള്ള ആളുകൾകൂടി നേരിട്ടു കാണുമ്പോൾ നമ്മുടെ ഗവൺമെൻറിനു ലജ്ജിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ ബോട്ടജെട്ടിയിൽ ബോട്ടടുക്കുന്നേരത്തിടിക്കാതെവാങ്ങികയറുവാൻവരുന്ന പാസഞ്ചേഴ്സിനു വേറെവിധത്തിലും സങ്കടം അനുഭവിക്കാനിടവരുന്നുണ്ടു്. ബോട്ടിൽ കയറുവാൻവേണ്ടി വയസ്സന്മാരും സ്ത്രീകളും കുട്ടികളും എല്ലാം ഓടിവരുമ്പോൾ ഈസർ ജെട്ടിയിൽ ബോട്ടടുപ്പിക്കുകയും, ഇവിടെ ഫ്ളാഗ് കാണിക്കുകയും ചെയ്യും. അതുകണ്ടിട്ടു് അവരെല്ലാം പിന്നെയും ഓടി ഈസർ ജെട്ടിയിൽ എത്തുന്നതിനുമുമ്പുതന്നെ, അഥവാ ബോട്ടിൽ കയറുവാനടുക്കുമ്പോൾതന്നെ ബോട്ടു നീക്കുകയും ചെയ്യാറുണ്ടു്. ആ ബോട്ടതെറിയാൽ പിന്നത്തെ ബോട്ടു കിട്ടുവാൻവേണ്ടി വീണ്ടും അരമണിക്കൂർസമയം അവർക്കു് അവിടെ കാത്തിരിക്കേണ്ടതായിട്ടുവരുന്നു. വെള്ളമില്ലാത്തകാരണംകൊണ്ടാണു ബോട്ടു് അങ്ങിനെ ഈസർ ജെട്ടിയിൽ അടുപ്പിക്കുവാൻ ഇടയാകുന്നതു്. അങ്ങിനെ വെള്ളമില്ലാത്ത കഷ്ടപ്പാടു കൊച്ചിയിലും ഉണ്ടു്. പുഴയിൽ കൂപ്പൽ നിറുത്തുവാനുള്ള സൌകര്യത്തിനുവേണ്ടി പലഭാഗങ്ങളിലും ചാലുകൾ ഉണ്ടാക്കുന്നുണ്ടു്. പക്ഷെ ബോട്ടുകളുടെ ആവശ്യത്തിനുവേണ്ടി യാതൊന്നും ഗവൺമെൻറു ചെയ്യുകാണുന്നില്ല. പിന്നെ റിക്ഷാവണ്ടിക്കാരുടെ കാര്യം പറയുകയാണെങ്കിൽ അതു് അവരുടെ വയറുപിഴപ്പിനുവേണ്ടി കിടന്നു വലയുന്ന ഒരു വലച്ചിൽമാത്രമാണു് അവർക്കു ചിലസമയങ്ങളിൽ പോലീസുകാരുടെ ഇടിയുംകൂടി ഏൽക്കേണ്ടി വരുന്നുണ്ടു്. ബോട്ടിറങ്ങിവരുന്ന പാസഞ്ചേഴ്സിനു കയറിപോകുവാൻവേണ്ടതായ യാതൊരു സൌകര്യങ്ങളും പോലീസ് ഡിപ്പാർട്ടുമെൻറും അനുസരിച്ചു് ചെയ്യുകാണാത്തതിനാൽ അക്കാര്യത്തിൽ ബുദ്ധിമുട്ട

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

വരാതിരിക്കത്തക്കവണ്ണം വേണ്ടപോലെ പോലീസ് ഡിപ്പാർട്ട്മെൻറിനിന്നും ശ്രദ്ധിച്ചാൽ നന്നായിരിക്കും.

ഇനി വെയിറ്റിംഗ് റൂമിനെക്കുറിച്ചാണ് എനിക്കു പറയുവാനുള്ളത്. എറണാകുളത്തു് ഒരു വെയിറ്റിംഗ് റൂം കെട്ടിയിട്ടുണ്ട്. നല്ലൊരു മന്ദിരത്തിന്റെ നിലയിലാണ് അതു് സ്ഥാപിച്ചിരിക്കുന്നതു്. അതിന്റെ മുൻവശത്തു് ഒരു ഹോട്ടലും, രണ്ടാംനിലയിൽ കക്കൂസുകളെപ്പോലെയുള്ള ഷാപ്പുകളും ആണ സ്ഥാപിച്ചിരിക്കുന്നതു്. പാസഞ്ചേഴ്സ് അവിടെ പോകയാണെങ്കിൽ ഇരിക്കുവാൻ നിവൃത്തിയില്ലാതെ പുറത്തു നില്ക്കണം. വെയിറ്റിംഗ് റൂം എന്നുള്ളപേരിൽ കെട്ടിയുണ്ടാക്കി ആവക ആവശ്യങ്ങൾക്കുവേണ്ടി അതുപയോഗിക്കാതെ ഇങ്ങിനെയുള്ള കഷ്ടപ്പാടുകൾ യാത്രക്കാർക്കു വരുത്തിക്കൂട്ടിയിലാണ് ഉപയോഗപ്പെടുത്തുന്നതു്. നല്ല ആവശ്യങ്ങൾ നടത്തണമെന്നു പറയുമ്പോൾ പണമില്ലെന്നാണ് സാധാരണ ഗവൺമെൻറ് മറുപടി പറയാറുള്ളതു്. ഇങ്ങിനെയുള്ള ആവശ്യങ്ങൾ നടത്തുവാനായി ഗവൺമെൻറ് പണം ചിലവാക്കുകയും, നല്ലകാര്യങ്ങൾ നടത്തുവാൻ പണമില്ലെന്നും പറയുന്നു. വേനൽക്കാലത്തു് ആ വെയിറ്റിംഗ് റൂമിൽ കയറിയിരുന്നാൽ കാറ്റു് ഏവിടെയാണെന്നുപോലും അറിയുവാൻ സാധിക്കയില്ല. കൊച്ചിയിലും ഒരു വെയിറ്റിംഗ് റൂം സ്ഥാപിക്കുവാനുള്ള കൺസ്ട്രക്ഷൻ അടുത്തുതന്നെ വരുന്നുണ്ടു്. അതു് ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കൊന്നിനും ഇടയില്ലാത്തതരത്തിൽ ആയിരിക്കുവാൻ ഒരുവായി പ്രവൃത്തിക്കുന്നതിനു് ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകളുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. എറണാകുളത്തു് ജട്ടി കാഴ്ചക്കു് വളരെ ഭംഗിയായിട്ടാണു കെട്ടിയിരിക്കുന്നതു്. എന്നാൽ അതിന്റെവീതി വളരെ കുറവാണു്.

മിസ്റ്റർ വി. ജെ. മത്തായി: വണ്ണം അധികമുള്ളവക്കു പോകുവാൻ പ്രയാസം.

മിസ്റ്റർ പോപ്പട്ടലാൽ ഗോവിന്ദലാലൻ: വണ്ണം അധികമില്ലാത്തവക്കും വീതികുറഞ്ഞതായതുകൊണ്ടു സൂക്ഷിക്കേണ്ടതുണ്ടു്. വലിയ കാറോ മറ്റോ വീണ്ടുകയാണെങ്കിൽ പറഞ്ഞുപോകുവാനെളുപ്പമുണ്ടു്. അതുകൊണ്ടു് ഈ മാതിരിയുള്ള ജെട്ടികൾ കെട്ടുമ്പോൾ പാസഞ്ചേഴ്സിനു സൌകര്യമായി കയറുവാനും, ഇറങ്ങുവാനും സാധിക്കുന്നവിധത്തിൽ കെട്ടിയുണ്ടാക്കിയാൽ കൊള്ളാം.

ഇവിടെയുള്ള ബോട്ടുജെട്ടിയിൽ വെയിറ്റിംഗ് റൂമിനടുത്തായി ഒരു കക്കൂസുണ്ടാക്കീട്ടുണ്ടു്. അതിന്റെ ഗന്ധം യാത്രക്കാർ ബോട്ടിൽ കയറിയാൽ കൊച്ചിയിൽ എത്തുന്നതുവരെ ഉണ്ടായിരിക്കും. ആ കക്കൂസിനകത്തു പാസഞ്ചേഴ്സിനു പോകുവാൻ തീരെ സാധ്യമല്ല. അതു അത്രമാത്രം അചികരമായനിലയിലാണ് അതിന്റെ സ്ഥിതി. കടവിൽനിന്നു ബോട്ടിൽ കയറുമ്പോൾ മാത്രമല്ല, ബോട്ടിൽ കയറി ഇരിക്കുമ്പോഴും ആ കക്കൂസിൽനിന്നുള്ള മലമൂത്രാദികൾ കാനയിൽകൂടി പുഴയിൽ ചെന്നു വീഴുന്ന കാഴ്ച കാണേണ്ടതുതന്നെ! പാക്കിൽ വരുന്നവരുടെ കാഴ്ചക്കായിട്ടു വെച്ചിരിക്കുന്ന ഒരു കാഴ്ചബംഗളാവാണോ അതെന്നു കാണുന്നവക്കു തോന്നിപ്പോകും! അതുത്തോളം മോശമായ ഒരു സാനിട്ടേഷനാണ് ആ വിഷയത്തിൽ നടത്തിവരുന്നതു്. ഈവക സംഗതികളെക്കുറിച്ചു നല്ലവണ്ണമാലോചിച്ചു് പാസഞ്ചേഴ്സിനു ബുദ്ധിമുട്ടുകൂടാത്ത തരത്തിൽ ചെയ്യണമെന്നാണ് എനിക്കുള്ള അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ബഹുമാനപ്പെട്ട മെമ്പർ റിക്ഷാക്കാരുടെ പെസ്റ്ററിംഗ് വളരെയാണെന്ന് ഇവിടെ പറയുകയുണ്ടായി. സാധാരണമായി കൊച്ചിയിലേക്ക് യാത്രചെയ്യാറുള്ള ഒരാളാണ ഞാൻ. അവിടെ റിക്ഷാക്കാരിൽനിന്നും ഉപദ്രവങ്ങൾ ഉണ്ടാകുന്നതായി ഞാൻ കണ്ടിട്ടില്ല. പോലീസിൽനിന്നും അവരെയെല്ലാം റഗുലേറ്റ് ചെയ്ത് ഒരേവരിയായി നിർത്തുകയാണ ചെയ്യുന്നത്. വല്ല സായിപ്പന്മാരും വരുമ്പോൾ അവരിൽനിന്നും നല്ല കൂലി കിട്ടുവാനാഗ്രഹിച്ച്, ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറഞ്ഞതു പോലെ, വയറുപിഴപ്പിനെ കരുതി റിക്ഷാക്കാർ അടുത്തുവരുന്നുണ്ടെങ്കിൽ അതിൽ അത്ര വലിയ വിഷമമൊന്നും തോന്നാനില്ല. ഷെഡ്യൂൾ ഇല്ലാത്ത ഒരു കാര്യമെപ്പറ്റി ഇവിടെ പറയുകയുണ്ടായി. റിക്ഷാക്കാക്ക് കൂലി നിശ്ചയിക്കുവാനുള്ള ഒരു ഷെഡ്യൂൾ തുടങ്ങുന്നതിനുമുമ്പു മറ്റു പലക്കാരുടെ മിനിമം വേജസ് ആണ് തീർച്ചയാക്കേണ്ടതു്. വേജസ് ക്ലിപ്തപ്പെട്ടുതോണ്ടതു് ഏതു തൊഴിലിനാണെന്ന് ആദ്യം തീരുമാനിക്കണം. പരമാർത്ഥത്തിൽ റിക്ഷാക്കാരെക്കൊണ്ടു് യാതൊരു ഉപദ്രവവും ആക്കും ഉണ്ടാകയില്ല. അവർ അസഹ്യതയുണ്ടാക്കുന്നു എന്നു തോന്നുന്ന മാതിരിയിൽ നമ്മുടെ മനോഭാവം മൂലമാകുകയാണെങ്കിൽ വളരെ കഠിനമായിരിക്കും.

ബോട്ടുകൾ പോകുന്നതിനു സൌകര്യമായ വിധത്തിൽ കായൽ കഴിക്കുവാൻ തരമുണ്ടെങ്കിൽ കഴിച്ചാൽ കൊള്ളാം. ഇതിൽ ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകൾ പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ഇനിയും കഴിക്കാതെ ഇതേനിലയിൽ തന്നെ ഫെറി സ്റ്റീസു നടത്തിക്കൊണ്ടു പോകുകയാണെങ്കിൽ അതു വലിയ ഉപദ്രവമായിരിക്കും.

ജെട്ടിയിൽ യാത്രക്കാരുടെ സൌകര്യത്തിനായി രണ്ടു ഗേറുകൾ പൊച്ചിട്ടുണ്ട്. എന്നാൽ ഒരു ഗേറിൽകൂടി അകത്തേക്കു പോകണം, മറേറ ഗേറിൽകൂടി പുറത്തേക്കു വരണം എന്നുള്ള നിഷ്കർഷ വെച്ചിട്ടുള്ളതായി കാണുന്നില്ല. ഈ സംഗതിയിലും ചീഫ് എഞ്ചിനീയർ അവർകൾ ഒരു നിഷ്കർഷചെയ്തിച്ചാൽ കൊള്ളാം.

*Mr. V. K. Aravindaksha Menon *(Chief Engineer):* The main question here in this ferry service between Ernakulam and Mattancheri is the shallowness of the backwater near the Ernakulam jetty. The real reason why this work was being postponed was in fact due to the difficulty to find out a satisfactory solution. It is shallow not for a few yards but it is shallow for about one and a half furlongs, and if a channel is dredged along that area, it is also very probable that it will get silted in a very short time. So I had a consultation with the Harbour Engineer on this point and he wrote to me saying that the best solution is to extend the jetty for about a thousand feet, and if the jetty is extended by a thousand feet, the passengers will have to walk that distance in the monsoon season, and I think it is a work of which one does not like to take the responsibility. It will also cause obstruction to navigation. I suggested the shifting of the jetty to the southern portion of the town near the Huzur jetty. That question was under consideration; but that, I think, is also

*Speceh not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

postponed for the time being because of several other difficulties, such as proximity to the temple, etc. Moreover the bazaar and the market are on the northern side of the town.

*മിസ്റ്റർ വി. പി. കണ്ണപിള്ള: ബ്രിട്ടീഷ് കൊച്ചിയിൽ നിന്നു വെല്ലിംഗ്ടൺ ഐലൻറിലേക്കു ഫെറി സർവ്വീസു നടത്തിവരുന്നുണ്ടു്. അതുപോലെ എറണാകുളത്തുനിന്നും വെല്ലിംഗ്ടൻ ഐലൻറിലേക്കു ഫെറി സർവ്വീസുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ബോട്ടു് അടുക്കുകയാണെങ്കിൽ ഭൂരിപക്ഷം യാത്രക്കാക്കും അതു വലിയ ബുദ്ധിമുട്ടായിരിക്കും.

*മിസ്റ്റർ വി. പി. കണ്ണപിള്ള: ഇടക്കാലത്തു് അരമണിക്കൂറിലൊരിക്കൽ ബോട്ടു വിടണമെന്നുള്ള ഓർഡറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പഴയപോലെ ഓരോ മണിക്കൂറിലൊരിക്കലാണു് വിട്ടുവരുന്നതു്. അതുകൊണ്ടു വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടു്. ഒരു മിനിട്ടു സമയം തെറ്റിപ്പോയാൽ അക്കരയിലും ഇക്കരയിലും വരുന്ന യാത്രക്കാക്കു് ഒരു മണിക്കൂർ നേരം ജെട്ടിയിൽ കാത്തുനില്ക്കേണ്ടിവരുന്നുണ്ടു്. ഫെറി കണ്ടാക്ടർമാരുടെ ലാഭത്തെ മാത്രം കണക്കാക്കി ജനങ്ങൾക്കു് ഉപദ്രവത്തിനിടവരുത്തുന്നതു ശരിയല്ല. മട്ടാഞ്ചേരിയിൽ ഒരു ജെട്ടി സ്ഥാപിക്കുവാനായിട്ടു് ആക്ഷൻ ചെയ്യുവാൻ പോകുന്നതായി കേട്ടു. അതിൻെറ വിവരങ്ങളൊന്നും അറിയാത്തതുകൊണ്ടു് എനിക്കു അതിനെ സംബന്ധിച്ചു് ഒന്നും പറയുവാനില്ല. ഇപ്പോഴുള്ള ഡ്രഡ്ജർ വച്ചുചെയ്തു പുഴ കുറെക്കൂടി താഴ്ത്തുകയാണെങ്കിൽ യാത്രക്കാക്കുള്ള ബുദ്ധിമുട്ടു കുറയും. അക്കരയിലും ഇക്കരയിലും ബോട്ടിൽനിന്നിറങ്ങുന്ന യാത്രക്കാക്കു പല അസൌകര്യങ്ങളും ഉണ്ടു്. ഇതു് ഒന്നോ രണ്ടോ നാലോ കൊല്ലമായി കണ്ടുവരുന്ന ഉപദ്രവമല്ല. ഇതു വലിയ കപ്പലുകളും മറ്റും അടുത്തു കൊണ്ടുവന്നു നിറുത്തി തിരുവിതാംകൂറിൽ ഫൊറേഞ്ചിലും മറ്റുമുള്ള സാമാനങ്ങൾ ഇവിടെ കൊണ്ടുവന്നു് എളുപ്പത്തിൽ കപ്പലിൽ കയറാവാൻ സാധിച്ചിട്ടുള്ള സ്ഥിതിക്കു് യാത്രക്കാക്കു വേണ്ടുന്ന സൌകര്യം ചെയ്തുകൊടുക്കുവാൻ ഗവൺമെണ്ടിനു വലിയ പ്രയാസമൊന്നും വരുന്നതല്ല. ചീഫ് എഞ്ചിനീയർ അവർകളും ഫെറി ബോട്ടിൽ സഞ്ചരിക്കാറില്ലാത്തതുകൊണ്ടു് അദ്ദേഹത്തിനു് ഇവക ബുദ്ധിമുട്ടുകളൊന്നും നേരിട്ടു കാണുവാൻ സാധിച്ചിട്ടില്ല. അദ്ദേഹം പോകുന്നതു പ്രത്യേകം ബോട്ടുകളിലായിരിക്കും. അവിടെ ചെന്നാൽ സൌകര്യമായിരിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകളും മുൻകൂട്ടി ചെയ്തതിനുശേഷമേ പോകയുമുള്ളൂ. അതുകൊണ്ടു് യാത്രക്കാക്കുള്ള ബുദ്ധിമുട്ടുകളെ പരിഹരിക്കുവാൻ വേണ്ട ഏർപ്പാടുകൾ കാലതാമസംകൂടാതെ ചെയ്യേണ്ടതാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഹുസൂർ ജെട്ടിയിൽ നിന്നായാലോ?

*Mr. V. K. Aravindaksha Menon *(Chief Engineer)*: There will be no difficulty of shallowness of water. That is why somebody said about the raising of a red flag and so on. In case there is shallowness here, the boats touch at the Huzur Jetty. In fact our water barges were going from that place at all times during the last few years. There is the statute there. We will have to construct a waiting shed there. So we are not taking up this question of dredging

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

a portion as far as possible every year. For that also, we require a good plant. Our dredger is more than 35 years old and is going to pieces and even then that dredger is not suitable for a work of this kind. That dredger is only suitable to take earth from the canal and deposit it on the banks. Here there are no banks. So we will have to transport the earth to a distant place and for that a different kind of dredger will be necessary. In any case we are trying to dredge a portion of the backwaters there. About a 1000 feet will have to be reclaimed. That will cost enormously.

മിസ്റ്റർ പോപ്പട്ടലാൽ ഗോവർദ്ധനലാലൻ: ഹാർബർ ഡിപ്പാർട്ടുമെൻറ കാരോട്ട ചോദിച്ചാൽ അവർ ചെയ്യ കൊട്ടക്കാതിരിക്കുമോ?

*Mr. V. K. Aravindaksha Menon *(Chief Engineer):* That has to be looked into.

Then the member for Mattancheri has been remarking about the inconvenience of the waiting shed. I do not know exactly what inconvenience the waiting shed gives the people. We have got a restaurant for people to take refreshments. There is a big hall inside the building. If that building was facing the backwaters it would have taken away a larger frontage of the backwaters. We did not want to block the air space. You remember when the Diwan's House was constructed I suggested two long wings and a central Hall and the Diwan said that it will take too much of backwater frontage, and that he will be satisfied with a three-storied building. On the very same principle we did not want to take larger portions of the foreshore by having long buildings parallel to the backwater. In Mattancheri I am building a parallel shed.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോഴുള്ള വലിയ ഗ്രൂഡ്ജർകൊണ്ട ഗ്രൂഡ്ജ ചെയ്താൽ എത്രകാലം നില്ക്കും?

Mr. V. K. Aravindaksha Menon *(Chief Engineer):* There is a drift of sand along the foreshore. Sand is flowing from south to the north continuously. If there is a depression of course it will be filled with sand. The current will always be across. In the Harbour channel they have got a channel due west. There is flow of water excavating the canal. They have no cross-currents.

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെയാണെങ്കിൽ കൊല്ലംതോറും വേണ്ടി വരും.

Mr. V. K. Aravindaksha Menon *(Chief Engineer):* Almost every year. Of course, if we dredge it deep enough, say about 8 or 10 feet, it might be used for about 2 or 3 years.

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Mr. Popatlal Govardhan Lalan *(Commerce & Industry):* Is not the shallow portion of the backwater close to the Kizhavanachal?

Mr. V. K. Aravindaksha Menon *(Chief Engineer):* At the Ernakulam Ferry Jetty it is shallow for about 800 to 1000 feet from the shore and then comes the deep water. So for that distance, either we will have to dredge or extend the jetty.

Mr. V. K. Bhaskara Menon *(Cranganur):* Why don't you insist upon the contractor to use shallow water crafts. The boats now used can very well be used in open sea.

Mr. V. K. Aravindaksha Menon *(Chief Engineer):* The boats now used are useless. They will have to be changed. But you must get a company to do that, and for the investment that they have to make they will have to be given contracts for a certain number of years. Otherwise no company will be prepared to do that. That question is under consideration.

Mr. K. R. Viswambharan *(Ezhuvas-Talappalli):* When will the present term terminate?

Mr. V. K. Aravindaksha Menon *(Chief Engineer):* The present contract is for three years and it is, I think, from last February.

Mr. C. V. Iyyu *(Kunnamkulam):* You can advertise in the papers calling for such companies.

Mr. V. K. Aravindaksha Menon *(Chief Engineer):* We will consider it.

Mr. C. V. Iyyu *(Kunnamkulam):* To give more convenience to the clerks who live at Ernakulam, but who are employed in Cochin can you not have some boats to land nearer British Cochin? I am told that there are three Government jetties in Mattancheri leased out to certain private people.

Mr. V. K. Aravindaksha Menon *(Chief Engineer):* The Government have already made two jetties there and boats can come and land at those places.

Mr. C. V. Iyyu *(Kunnamkulam):* Formerly the railway boats used to halt at the Customs House. But that has been stopped.

ശ്രീ സി. വി. കുഞ്ഞുപിള്ള: വില്ലിംഗ്ഡൻ ഐലൻഡിൽനിന്നും എറ്റാകുളത്തേക്ക വഞ്ചിയും നടത്തുന്നതിനെ സംബന്ധിച്ചു വല്ല കാര്യപ്പോൺ ഉണ്ടായിട്ടുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer):* There was a ferry service from Ernakulam to Willingdon Island. But that has been stopped because the Harbour authorities did not want a ferry service.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പോപ്പട്ട്ലാൽ ഗോവിന്ദലാലൻ: ഫ്രീട്ടിങ്ങ് കൊച്ചിയിൽ സാധാരണ ബോട്ടുകളും ഫെറി ബോട്ടും അടുത്തിരുന്നു. അതു പിന്നീട് അവിടത്തെ കസ്റ്റംസ് ഹൌസിൽനിന്നും തടസ്ഥംചെയ്തു. പോർട്ടഫീസറും ഹാർബർ അതോറിട്ടീസും അടുത്തുതന്നെ ഒരു സ്ഥലം ആവശ്യപ്പെട്ട അവസരത്തിൽ അവർ തമ്മിലുണ്ടായിരുന്ന വഴക്കുമൂലം കിട്ടിയിട്ടില്ല. ഈ സ്റ്റോറുകൾ യാതൊരു ജെട്ടിയും ഇപ്പോൾ അവിടെയില്ല.

മിസ്റ്റർ സി. വി. ഇയ്യു: സ്റ്റോറുകൾ ജെട്ടി ഇല്ലെങ്കിൽ ഉണ്ടാക്കിക്കൂടേ?

മിസ്റ്റർ കെ. അയ്യപ്പൻ: ജെട്ടിയുണ്ടാക്കിയാലും എല്ലാ ബോട്ടുകൾക്കും അവിടെ അടുക്കുവാൻ സാധിക്കയില്ല.

Mr. T. V. Subramania Ayyar *(Nemmara):* What is the objection to have services between Willingdon Island and Ernakulam at least at specific times?

Mr. V. K. Aravindaksha Menon *(Chief Engineer):* The Harbour authorities said that they did not want it.

Mr. V. K. Bhaskara Menon *(Cranganur):* May I know whether the right to conduct the ferry has been entrusted to the company after public auction?

Mr. K. P. Kannan Nayar *(Secretary to Government):* There was no auction.

Mr. V. K. Bhaskara Menon *(Cranganur):* How is it conducted? Is it a contract between the Government and the company?

Mr. K. P. Kannan Nayar *(Secretary to Government):* Yes. They are paying a lump sum every year.

മിസ്റ്റർ വി. ജെ. മത്തായി: മട്ടാഞ്ചേരിയിലുള്ളവർ മാത്രമല്ല, എറണാകുളത്തുള്ളവർ മാത്രമല്ല, കൊച്ചി രാജ്യത്തുള്ളവർ മാത്രമല്ല, തെക്കെ ഇൻഡ്യ മുഴുവനും ലോകം മുഴുവൻതന്നെയും ഉള്ള ആളുകൾ വന്നുപോകുന്ന മട്ടാഞ്ചേരി ബോട്ട കടത്തുകാര്യം ഒരു മഹാപ്രശ്നമാണ്. അങ്ങിനെയുള്ള ഒരു മഹാപ്രശ്നത്തെപ്പറ്റി ബഹുമാനപ്പെട്ട പൊതുമരാമത്തു മെമ്പർക്ക് ഒരു സ്കീം കൊണ്ടുവരുവാൻ സാധിക്കാതെ പോയതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. അങ്ങിനെയുള്ള ഒരു സ്കീം ഇല്ലാത്ത കാരണംകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയവർകളുടെ പേരിൽ ഒരു അവിശ്വാസപ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ ബഹുമാനപ്പെട്ട എഞ്ചിനിയർ മെമ്പറുടെ പേരിലും ഒരു അവിശ്വാസപ്രമേയം കൊണ്ടുവരേണ്ടതാണ്. എന്താണ്ട് ഒരു സ്കീം ഞാൻതന്നെ കൊടുക്കുവാനാണ വിചാരിക്കുന്നത്. ഞാൻ സ്കീം കൊണ്ടുവരുന്ന കാരണം കൊണ്ട് നിങ്ങൾ എന്നെ ചീഫ് എഞ്ചിനിയരാക്കുകയാണെങ്കിൽ ഞാൻ കൃതാർത്ഥനായി. (ചിരി).

ഒന്നാമതു് ബോട്ടുജെട്ടിക്കടുത്തുള്ള വെയിറ്റിങ്ങ് റൂമിനെപ്പറ്റിയുള്ളതാണ്. ശരിയായ ഒരു വെയിറ്റിങ്ങ് റൂം നമുക്കാവശ്യമാണ്. ടിക്കറ്റ കൊടുക്കുന്നതിനും ടിക്കറ്റ വാങ്ങുന്നതിനും ഇരിക്കുന്നതിനും സൌകര്യമായിരിക്കണം ആ വെയിറ്റിങ്ങ് റൂം. ഇപ്പോഴുള്ള വെയിറ്റിങ്ങ് റൂം എതാണ്ട് സാൽവേഷൻ ആർമി(പള്ളി)പോലെയാണിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തേ വെയിറ്റിങ്ങ് റൂമിൽനിന്നു ജെട്ടിയിൽ നടന്നുപോകുവാൻ ഉള്ള വഴി കവർചെയ്തതായിരിക്കണം. ഇപ്പോഴുള്ള ഷെഡ്ഡിനു വീതി വളരെ കുറവാണു". അതുകൊണ്ടു ഷെഡ്ഡിനു കുറച്ചുകൂടി വീതിയുണ്ടായിരിക്കണം. അതു ബോട്ടിൽനിന്നും ഇറങ്ങുന്നവരും, ബോട്ടിൽ കയറാൻ പോകുന്നവരും തമ്മിൽ കൂട്ടിമുട്ടാനിടയില്ലാത്തതായിരിക്കണം. കൂടാതെ ഇപ്പോൾ എരുമ, പന്നി മുതലായവയെ ധാരാളമായി കയറ്റിക്കൊണ്ടുപോകുന്നുണ്ടു", ആ ഏർപ്പാടു നിർത്തൽ ചെയ്യണം.

Mr. V. K. Aravindaksha Menon *(Chief Engineer)*: That has been stopped.

മിസ്റ്റർ വി. ജെ. മത്തായി: നാലുദിവസം മുമ്പു കൊണ്ടുപോകുന്നതു ഞാൻ കണ്ടു. ഇപ്പോൾ ജെട്ടിയിൽ നിന്നും ബോട്ടിൽ കയറുവാനുള്ള സൌകര്യവും വളരെ കുറവാണു". വയസ്സായിട്ടുള്ള ആളുകളേയും മറ്റും എടുത്തുകയറ്റിവണം വിടുവാൻ. പൊക്കം കുറഞ്ഞവക്കാണു് അധികം വിഷമമുള്ളതു്. വണ്ണം കൂടിയവക്കാണെങ്കിലുള്ള വിഷമം അതിനേക്കാൾ അധികമാണു്. ഇറക്കസമയത്തു ജെട്ടി വെള്ളത്തിൽ നിന്നും നാലഞ്ചടി പൊക്കത്തിൽ ആയിരിക്കും, ഏറ്റവുമുള്ളപ്പോഴുള്ള ലവൽ അനുസരിച്ചാണു അതു കെട്ടിട്ടുള്ളതു്. ഫ്ലഡ്ഡം വരുമ്പോൾ ബോട്ടിൽ കയറണമെങ്കിൽ കുറഞ്ഞതു് ചാട്ടം ചാടണം. ചിലപ്പോൾ ആളുകളെ പിടിച്ചുവലിക്കുകയും പിടിച്ചുകയറ്റുകയും ഒക്കെ വേണം. ബോട്ടിന്റെ ഇപ്പോഴുള്ള ആകൃതി തന്നെ വ്യത്യാസപ്പെടുത്തിയാൽ കൊള്ളാമെന്നു" എനിക്കഭിപ്രായമുണ്ടു്. ഇവിടെനിന്നും ഒരുവിധം അകലത്തിച്ചെന്നാൽ അവിടെയും ചില വിഷമങ്ങളുണ്ടു്. അവിടെപോയാൽ ഏറ്റവും വലിയ വിഷമമുള്ളതു് ചിലപ്പോൾ ബോട്ടിൽ നിന്നും കരക്കിറങ്ങണമെങ്കിൽ അടുത്തു കിടക്കുന്ന അഞ്ചാറു ബോട്ടുകൾക്കുള്ളിൽ കൂടി ചാടിക്കടന്നു പോകണമെന്നുള്ളതാണു്. ഇങ്ങിനെ ഹനുമാനെപ്പോലെ അഞ്ചാറു ചാട്ടം ചാടിയാലെ ജെട്ടിയിൽ പോകാൻ സാധിക്കയുള്ളൂ. അവിടെയും ജെട്ടികവർ ചെയ്തിട്ടില്ല. ഒരുവിധം അവിടെയെല്ലാം കടന്നു പുറത്തിറങ്ങിയാൽ റിക്ഷാവണ്ടിക്കാരുടെ ഇടയിൽ പെടും. അവരിൽനിന്നു രക്ഷപ്പെടാനാണു് വിഷമം.

റിക്ഷാക്കാരുടെ സേവ നോക്കിയല്ല ഞാൻ അവരെപ്പറ്റി പറഞ്ഞതു്. അവരെപ്പറ്റി നല്ലതുപറഞ്ഞാൽ അവരുടെ സേവ കിട്ടുമെന്നു് എനിക്കറിയാം. അതല്ല അതിലും സമുദായവാദം കടത്തുന്നുവെങ്കിൽ എനിക്കു വിരോധമില്ല. അവർക്കൊണ്ടുള്ള അസൌകര്യങ്ങളും വിഷമങ്ങളും ചില്ലറയല്ല. ബ്രിട്ടീഷു് കൊച്ചിക്കു പോയതിനു് ഒന്നര ഉറുപ്പിക കിട്ടിയിട്ടമതിയാകാഞ്ഞു് ഒരു സായ്പിനെ ചുറ്റിക്കുന്നതു ഞാൻ അടുത്തദിവസം കാണുകയുണ്ടായി.

മിസ്റ്റർ കെ. അയ്യപ്പൻ: സായിപ്പിന്റെ സേവക്കു വേണ്ടിയാണോ പറയുന്നതു്

മിസ്റ്റർ വി. ജെ. മത്തായി: ഉച്ചക്കുമുമ്പു ദിവാൻ പ്രസിഡണ്ടവർകൾ ഉള്ളപ്പോൾ ഒരു മാതിരി പ്രസംഗം, ഇല്ലാത്തപ്പോൾ മറ്റൊരു തരത്തിൽ പ്രസംഗം അതൊന്നും എനിക്കു പതിവില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ദിവാൻ പ്രസിഡണ്ടവർകൾ ഇല്ലാത്ത അവസരത്തിൽ പറഞ്ഞിട്ടുള്ളതുതന്നെയാണു അദ്ദേഹമിരിക്കുമ്പോഴും പറഞ്ഞിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ജെ. മത്തായി : പറഞ്ഞിട്ടുള്ളതെങ്ങിനെയാണെന്നു ഞാൻ മിനിഞ്ഞാന്നത്തെ പത്രം വായിച്ചപ്പോൾ കണ്ടു. ഇങ്ങിനെ ഇടയ്ക്കു കയറിപറയുന്നവരെ അമർത്താൻ എന്റെകയ്യിൽ ഒരു വടി വെച്ചുകൊണ്ടു നടക്കുവാൻ സ്റ്റാൻറിംഗ് ഓർഡറിൽ നിയമമുണ്ടായിരുന്നുവെങ്കിൽ, വേണ്ടില്ലായിരുന്നു (ചിരി) എങ്കിൽ തോട്ടങ്ങളിൽ സഞ്ചരിക്കുന്ന ബുദ്ധിഹീനനായ ആ മെമ്പർ "എന്നു" ഇങ്ങനെ സംബന്ധിയിൽവെച്ചു പറയുവാൻ മിസ്റ്റർ അയ്യപ്പൻ ധൈര്യപ്പെടുകയില്ലായിരുന്നു. ഇങ്ങിനെ ഈ ബഹുമാനപ്പെട്ട അസംബ്ലിയിൽ പറയാമെങ്കിൽ, അതു ആളോനാണെന്നു ഞാൻ പറയുന്നെങ്കിൽ യാതൊരു തെറ്റുമില്ല. ഇങ്ങിനെ മര്യാദയില്ലാതെ സംസാരിക്കുമ്പോൾ അതിനുമറുപടി പറയാഞ്ഞാൽ അതു ശരിയല്ല. ഞാൻ അനാവശ്യമല്ല പറയുന്നതു്. എനിക്കും ചിലപ്പോൾ ദേഷ്യം വന്നുപോകും. (ചിരി).

Mr. K. Ayyappan *(Ezhuvas-Kanayannur)*: I appeal to the Chair whether it is parliamentary or not.

മിസ്റ്റർ വി. ജെ. മത്തായി : തോട്ടത്തിൽസഞ്ചരിക്കുന്നബുദ്ധിഹീനനായ മെമ്പർ എന്നു പറഞ്ഞതു "പാർളിമെൻററിയല്ല".

Mr. Deputy President: Order, order.

മിസ്റ്റർ വി. ജെ. മത്തായി: അക്കാര്യമെന്നു കഴിഞ്ഞാൽഅവിടെനിക്ഷാക്കാരുടെ വിഷമം മിച്ചുറയല്ല.

Mr. K. Ayyappan *(Ezhuvas-Kanayannur):* I appeal to the Chair whether that word is parliamentary. If it is not parliamentary, I beg the Chair to ask the member to withdrawit?

Mr. Deputy President : Order, order. I want to make an observation. It was very improper on the part of the Hon'ble Member for Planters to have used the word "ആളോനം". That is highly objectionable and unpardonable and I must also bring to his notice that in future he should take particular care in the choice of his words when he refers to the hon'ble members of this House.

Mr. V. J. Mathai *(Planters):* I suppose that applies equally to all the other members also.

Mr. Deputy President : If the hon'ble member has anything more to say on the cut motion, he can speak.

മിസ്റ്റർ വി. ജെ. മത്തായി : അക്കരെച്ചെന്നാൽ വിഷമമുണ്ടെന്നു ഞാൻ പറഞ്ഞതു് അവിടെ സാധാരണ കണ്ടുവരുന്നതാണു. രക്ഷാഭടനൊ, രക്ഷാഭടനൊ എന്നുമോടിച്ചു കൊണ്ടു പത്തിരുപതുപേർ അടുത്തു കൂടിയാൽ പിന്നെ അവിടെ നിന്നു രക്ഷപ്പെടാൻ വലിയ വിഷമം തന്നെ. ഇതൊ എന്തെങ്കിലുംതന്നാൽമതി എന്നു പറഞ്ഞു കൊണ്ടുപോകും. വണ്ടിയിൽ നിന്നു ഇറങ്ങിക്കഴിഞ്ഞാൽ അഞ്ചു ഉറുപ്പിക വേണമെന്നു മോടിച്ചു തക്കിക്കും. നാലണകൊടുക്കേണ്ടപ്പോൾ ഒന്നര ഉറുപ്പികകൊടുത്താലും അവർക്കു മതിയാകയില്ല. സാധാരണമായി അന്യ നാട്ടുകാരായി ഇവിടെ വരുന്നവർക്കുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതു. നമ്മുടെ നാട്ടുകാരോടു് അവർക്കു് ഇതൊന്നും സാധിക്കയില്ല. അതിലേക്കു ബഹുമാനപ്പെട്ട പൊല്ലീസ്സ്കമ്മീഷണർ അവർകൾ ശ്രദ്ധവെച്ചാൽ കൊള്ളാമെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ. ഇതുയും സംഗതികൾ ചെയ്തു കഴിഞ്ഞാൽ ബോട്ട സവ്വീസ് ശരിയായി. അതുപോലെതന്നെ ബോട്ടു് ഉറയ്ക്കാതിരിക്കുവാനും കുറെ മണ്ണുവാരിക്കളയണം. വടക്കുനിന്നു് തെക്കോട്ടു ഹജൂർ ജട്ടിവരെ ഒരു കനാൽ മുറിക്കയാണെങ്കിൽ ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ പറഞ്ഞപോലെ വിഷമമുണ്ടാകയില്ല. ഈ സംഗതികളെല്ലാം ഒന്നാലോചിച്ചു് സ്വീകരിക്കാവുന്നതു സ്വീകരിക്കുക, അല്ലാത്തതു തള്ളിക്കളയുക. ഏതായാലും ബോട്ടു് സവ്വീസു് നന്നാക്കേണ്ടതാവശ്യമാണെന്നുള്ളതിനു രണ്ടുപക്ഷമുണ്ടാകയില്ല. അതുകൊണ്ടു് എല്ലാവരുടെയും ഉണത്തെ കാംക്ഷിക്കുന്ന ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ ഞാൻ ഇതു കൊണ്ടുവരുന്നു. ഇതിൽ ഗവൺമെണ്ടിനെ തോല്പിച്ചു് വിജയം നേടണമെന്ന എനിക്കാഗ്രഹമില്ലാത്തതുകൊണ്ടു് ഇതുയും സംഗതികൾ ഞാൻ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ വരുത്തിക്കൊണ്ടു് ഇതിനെ പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Mr. T. A. Ramachandra Ayyar *(Nellayi):* I wish to inform the hon'ble member that if he were to continue like this, to monopolise all the time by his 'Ditto, Dittos' we will be forced to oppose the motion for withdrawal.

The motion was, by leave, withdrawn.

Cut Motion No. 24.

To expedite the opening of a canal from Thottara puncha to let off excess water.

Mr. V. J. Mathai *(Planters):* Sir I move *to reduce the allotment of Rs. 12,098 for Subordinate Executive Staff by Re. 1. This is to impress upon the Government the need for expediting the work of opening up a canal from Thottara puncha lying in the villages of Keecheri, Kulayettikara and Kypattur to the west to let off excess water.*

ഇതിനെപ്പറ്റി പറയുന്നതിനുമുമ്പു് പ്രാരംഭമായിട്ടു് ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. ഞാൻ ഇന്നു് ഈ നിയമസഭയിൽ കണയന്നൂർ നിയോജകമണ്ഡലത്തിലേക്കുവേണ്ടി ചില ഉപക്ഷേപങ്ങൾ അയച്ചതുകൊണ്ടു മറ്റു നിയോജകമണ്ഡലങ്ങളിലേയും പല വലിയ പ്രശ്നങ്ങളും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ വരാതെ പോയിട്ടുണ്ടു എന്നൊരാക്ഷേപംകേട്ടു.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: എല്ലാം ഒന്നിച്ചുവേണമെന്നുണ്ടോ?

മിസ്റ്റർ വി. ജെ. മത്തായി: ഇതിനുമുമ്പു് ബഹുമാനപ്പെട്ട അഡൂർ മെമ്പർ മറ്റും ഇപ്രകാരം കാര്യങ്ങൾക്കായി ഈ നിയമസഭയുടെ സമയംകളയുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.

Mr. M. K. Devassy *(Adur):* There is no comparison between my monopolising and your monopolising. There are 18 'dittos' here.

Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly